Bishop George Rajendran sdb
Diocese of Thuckalay
ஆயர் சுற்றுமடல்
Bishop's House, P B No: 12,Thuckalay PO, Kanya kumari Dt- 629 175, Tamil Nadu, India

Circular letter No/GR 64/2025

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരെ, സന്യസ്തരേ, ദൈവജനമേ,

നമ്മുടെ രൂപത സ്ഥാപിതമായിട്ട് നവംബർ 11ന് 29 വർഷം തികയുകയാണ്. ആയതിനാൽ ഇന്ന്, ഈ ഞായറാഴ്ച, നവംബർ ഒമ്പതാം തീയതി രൂപതാ ദിനമായി അതത് ഇടവകകളിൽ നാം ആഘോഷിക്കുന്നു. ഈ അവസരത്തിൽ നമുക്ക് ഓരോരുത്തർക്കും പ്രത്യേകിച്ച് രൂപതയ്ക്ക് ലഭിച്ച അനുഗ്രഹങ്ങൾക്കായി നല്ല ദൈവത്തിന് നമുക്ക് നന്ദി പറയാം.

കഴിഞ്ഞവർഷം രൂപതാ ദിനത്തോട് അനുബന്ധിച്ച് നവംബർ പതിനൊന്നാം തീയതി ഇടവക തലത്തിൽ പള്ളിക്കോണം തിരുഹൃദയ ദേവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് നിങ്ങൾ ഓരോരുത്തർക്കും വേണ്ടി പ്രാർത്ഥിച്ചു. ഈ ഇടയ ലേഖനം വഴി കഴിഞ്ഞ ഒരു വർഷം ദൈവം നമുക്ക് നൽകിയ നന്മകൾ നിങ്ങളോട് പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

മുൻ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി 2024 നവംബർ 15 മുതൽ 22 വരെയുള്ള ദിവസങ്ങളിൽ നമ്മുടെ രൂപത സന്ദർശിച്ചു. ബഹുമാനപ്പെട്ട വൈദികർ, സന്യസ്തർ, അൽമായർ എന്നിങ്ങനെ ഓരോരുത്തരെയും സന്ദർശിച്ചത് നാം എല്ലാവർക്കും അനുഗ്രഹ ദായകമായ ഒരു അനുഭവമായിരുന്നു.

ഈ വർഷം നമ്മുടെ രൂപതയിൽ "ക്രിസ്തു ജൂബിലി വർഷം 2025" സവിശേഷമായി ആചരിച്ചു വരുന്നു. ഈ ജൂബിലി കേന്ദ്രമാക്കി നാഗർകോവിൽ സെൻറ് അൽഫോൻസാ ദേവാലയം, മാലെക്കോട് ഹോളിക്രോസ് ദേവാലയം, മുഞ്ചിറ സെൻറ് ജോർജ് ദേവാലയം എന്നിവ തീർത്ഥാടന കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു. നാമെല്ലാവരും ഉപവാസം എടുത്ത് ഒരുങ്ങി അനുരഞ്ജന കൂദാശ സ്വീകരിച്ച് വിശുദ്ധ കുർബാനയുടെ സ്വീകരണത്തിലൂടെ പ്രാർത്ഥനയോടെ ഈ തീർത്ഥാടന സ്ഥലങ്ങൾ സന്ദർശിച്ചു പ്രാർത്ഥിച്ച് പൂർണ്ണ ദണ്ഡവിമോചനം നേടുകയുണ്ടായി. നമ്മുടെ രൂപതയിലെ ഭക്ത സംഘടനകൾ എല്ലാം ക്രിസ്തു ജൂബിലി വർഷം 2025 എന്നത് പ്രധാന വിഷയമാക്കി ധാരാളം പരിപാടികൾ നടത്തി. ഈ അവസരത്തിൽ ഈ ജൂബിലി വർഷം നന്നായി നടത്തുവാൻ പ്രയത്നിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

ദൈവവിളികൾ

ഈ വർഷം ബഹുമാനപ്പെട്ട അമന്റോ എടക്കൂട്ടത്തിൽ, സുനിൽ ആൻറണി, അനൂപ് തത്തപ്പള്ളി എന്നിവർ പുതിയ വൈദികരായി അഭിഷേകം ചെയ്യപ്പെട്ടു.

ബക്സാർ രൂപതയ്ക്കു വേണ്ടി പട്ടം സ്വീകരിച്ച ജോഗേഷ് പോളച്ചിറ അച്ചന് 2025 ജൂലൈ മൂന്നിന് നമ്മുടെ രൂപതയിൽ ചേർന്നു. നമ്മുടെ രൂപതാ വൈദികരുടെ എണ്ണം 62 ആയി ഉയർന്നു. ചങ്ങനാശ്ശേരി, ഇടുക്കി, പാലാ, കാഞ്ഞിരപ്പള്ളി, മാനന്തവാടി എന്നീ രൂപതകളിൽ നിന്നും, സി എം ഐ, എം എസ് ടി, എസ് ഡി ബി തുടങ്ങിയ സന്യാസ സഭകളിൽ നിന്നും വന്നിരിക്കുന്ന എല്ലാ വൈദികർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

നമ്മുടെ രൂപതയിലെ സന്യാസ സഭകളായ CMC, S.H, L.S.D.P എന്നിവയിൽ നിന്നും യഥാക്രമം സിസ്റ്റർ ഇവാന ക്രിസ് CMC, സിസ്റ്റർ ജെനിബ എസ് .എച്ച്, സിസ്റ്റർ മേരി ടെസ L.S D.P തുടങ്ങിയവർ സന്യാസ വസ്ത്രം സ്വീകരിച്ച് ആദ്യ വ്രതവാഗ്ദാനം നടത്തി.

പുതിയ ദേവാലയങ്ങൾ

പരക്കോട് ക്രിസ്തുരാജ ദേവാലയം, മാർത്താണ്ഡം വിശുദ്ധ വിൻസെന്റ് ഡി പോൾ ദേവാലയം, കുലശേഖരം മിഷൻ സ്റ്റേഷനിലെ സെൻറ് ജോൺപോൾ ദേവാലയം, തെറ്റിവിള വിശുദ്ധ മിഖായേൽ ദേവാലയം തുടങ്ങിയവ ഈ വർഷം കൂദാശ ചെയ്തു.

ഭക്ത സംഘടനകൾ

നമ്മുടെ രൂപതയിൽ തിരുബാലസഖ്യം, മിഷൻ ലീഗ്, മതബോധനം, യൂത്ത് മൂവ്മെൻറ്, മരിയായിന് സേന, മാതൃ ജ്യോതിസ്, പിതൃവേദി, അല്മായ കൗൺസിൽ, ഫാമിലി വെൽഫയർ കൗൺസിൽ, കുടുംബ കൂട്ടായ്മ, വിൻസൻറ് ഡി പോൾ സംഘടന, സീനായി തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, എക്യുമെനിക്കൽ കൗൺസിൽ, വിദ്യാഭ്യാസം, പാസ്റ്ററൽ കൗൺസിൽ, ഗായകസംഘം, സീനായി ധ്യാനകേന്ദ്രം, ദൈവവിളി, അൾത്താര ബാലന്മാരുടെ കൂട്ടായ്മ, മധ്യസ്ഥ പ്രാർത്ഥന ഗ്രൂപ്പ് തുടങ്ങിയവ ഭംഗിയായി പ്രവർത്തിച്ചുവരുന്നു.

അതത് ഇടവകകളിൽ 25ഉം 50ഉം വർഷങ്ങളായി മതബോധന അധ്യാപകരായി സേവനമനുഷ്ഠിച്ചവരെ രൂപതാ മതബോധനനിലയം വാർഷിക ആഘോഷ അവസരത്തിൽ ആദരിച്ചു.

വിൻസൻറ് ഡി പോൾ സംഘടനയുടെ തക്കല സെൻട്രൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന VAAN എന്ന കെട്ടിടത്തെ തക്കല രൂപതയുടെ ആദ്യത്തെ മെത്രാനും, സീറോ മലബാർ സഭയുടെ മുൻ മേജർ ആർച്ച് ബിഷപ്പുമായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി, രോഗികളും പാവപ്പെട്ടവരുമായ മക്കൾക്കായി തുറന്നു കൊടുത്തത് മഹത്തായ ഒരു കാര്യമാണ്.

ഈ വർഷം അല്മായ കൗൺസിൽ നമ്മുടെ രൂപതാ മക്കൾക്ക് പൊതു നന്മയ്ക്കുതകുന്ന പ്രത്യേക പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചു.

നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന മരിയായിന് സേനയുടെ കൊമീസിയത്തിന്റെ കീഴിൽ ആറ് കൂരിയാകളും അവയ്ക്ക് ആവശ്യമായ ആത്മീയ ഡയറക്ടർമാരെയും നിയമിച്ച് നന്നായി പ്രവർത്തിച്ചുവരുന്നു.

നമ്മുടെ രൂപതയിലെ മാതൃ ജ്യോതിസ് അംഗങ്ങൾ, സീറോ മലബാർ ഗ്ലോബൽ മാതൃജ്യോതി ഭാരവാഹികളോടൊന്നിച്ചു ചേർന്ന് ഓൺലൈൻ ജപമാലയിൽ പങ്കുചേരുന്നതിൽ നമ്മുടെ രൂപതയ്ക്ക് അഭിമാനം ഉണ്ട്.

ഉപവിപ്രവർത്തനങ്ങൾ

കഴിഞ്ഞവർഷം മഴക്കെടുതിയാൽ ബാധിക്കപ്പെട്ട വയനാട്ടിലെ ജനങ്ങൾക്കായി നമ്മുടെ രൂപതയിലെ ഇടവകകൾ, സ്ഥാപനങ്ങൾ തുടങ്ങിയവ 15,16,175/- രൂപ സംഭാവന നൽകി. ഇത് നമ്മുടെ രൂപതാ അംഗങ്ങളുടെ ഉപവി പ്രവർത്തികളുടെ ഒരു വലിയ ഉദാഹരണമാണ്.

മിഷൻ പ്രവർത്തനങ്ങൾ

തെങ്കാശി ജില്ലയിൽ സുന്ദരപാണ്ഡ്യപുരത്തുള്ള നിത്യസഹായ മാതാ മിഷൻ സ്റ്റേഷനിൽ കെട്ടിടത്തോടുകൂടി ഒരു സ്ഥലം വാങ്ങി കുർബാന അർപ്പിച്ചു വരുന്നു. തെങ്കാശി മേക്കരയിൽ സെൻറ് ജോർജ് മിഷൻ സ്റ്റേഷന്റെ 25 മത് വാർഷികം ഏപ്രിൽ മാസത്തിൽ ആഘോഷിച്ചു. വിസ്തൃതമാക്കപ്പെട്ട മിഷൻ കേന്ദ്രമായ തൂത്തുക്കുടി ജില്ലയിലെ കയത്താർ രാജപുതുക്കുടി പ്രദേശത്ത് പുതിയ ദേവാലയം നിർമ്മിച്ചു കൂദാശ ചെയ്തു. ഇതിന് സമീപം ടി എൻ കുളം എന്ന ഗ്രാമത്തിൽ പുതിയ മിഷൻ സ്റ്റേഷൻ സ്ഥാപിച്ചു, ഓല കുടിലിൽ പ്രാർത്ഥനകൾ നടക്കുന്നു. തേനി, കമ്പം പ്രദേശങ്ങളിലെ മിഷൻ സ്റ്റേഷനിലെ അംഗങ്ങൾ എല്ലാവരും ഒരുമിച്ച് കൂടി അങ്കൂർപാളയം എന്ന ഗ്രാമത്തിൽ ഗ്രാമോത്സവം ആഘോഷിച്ചു.

കർണാടകയിലെ ബാംഗ്ലൂരിൽ, തക്കല രൂപതയിൽ നിന്നുള്ള പ്രവാസി കളുടെ ആത്മീയ ആവശ്യങ്ങൾക്കായി അവരുടെ സംഗമം നടത്തി. മധുര, വിരുതനഗർ, രാമേശ്വരം, തെങ്കാശി എന്നിവിടങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടക്കുന്നു. നമ്മുടെ രൂപതാ മക്കൾ ഈ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് അവർക്ക് വേണ്ട സഹായങ്ങൾ ചെയ്യുന്നതിൽ ഞാൻ പ്രത്യേകം നന്ദി പറയുന്നു.

കേരളത്തിലെ തൊടുപുഴയിൽ മൂലമറ്റം എന്ന സ്ഥലത്ത് രൂപതാ പ്രവർത്തനങ്ങൾക്കായി സ്ഥലം നൽകി "സ്നേഹവില്ല"എന്ന വൃദ്ധസദനം നടത്താൻ സഹായിക്കുന്ന ശ്രീമതി മേഴ്സി ജോസ് കാപ്പനെ രൂപത നന്ദിയോടെ ഓർക്കുന്നു. കൂടാതെ രോഗപ്രതിരോധചികിത്സാ വിഭാഗത്തിനായി പുതിയ കെട്ടിടവും അവർ രൂപതയ്ക്ക് നൽകിയിട്ടുണ്ട് എന്നതും ഈ സമയത്ത് ഏറെ നന്ദിയോടെ ഓർക്കുന്നു.

നിത്യ സൗഭാഗ്യത്തിന് വിളിക്കപ്പെട്ടവർ

കന്യാകുമാരി മിഷനിൽ തുടങ്ങി തുടർന്ന് തക്കല രൂപതയിലും മിഷൻ പ്രവർത്തനങ്ങൾ ചെയ്ത Fr. Jose Koolipurackal CMI, Fr. George Thevalakkara CMI, Fr. Sebastian Pinel CMI, Fr. Joseph Madathil, Sr. Maria Goretti SH, Sr. Vigi CMC, Sr. Elsy SDS, Sr. Bridget SDS, Sr. Helena SDS, Sr. Merlin Jose CMC, Sr. Mary Joseph OMMI, Sr. Josia SDS, Sr. Sophia Chacko SDS, Sr. Mary Thomas SDS, Sr. Tresa Joseph SDS എന്നിവരെ നന്ദിയോടെ ഓർക്കുകയും അവരുടെ ആത്മ ശാന്തിക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു.

29 ആം രൂപതാദിനം ആഘോഷിക്കുന്ന നിങ്ങളെല്ലാവർക്കും ഈ വേളയിൽ ഞാൻ നന്ദി പറയുന്നു. ലിയോ പതിനാലാം മാർപാപ്പയെ ഞാൻ നേരിൽ കണ്ട് രൂപതയെ പരിചയപ്പെടുത്തുകയും, രൂപതയുടെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുകയും ചെയ്തു. മിഷൻ പ്രവർത്തനങ്ങളിൽ രൂപത കൂടുതൽ അഭിവൃദ്ധി പ്രാപിക്കുന്നതിനായി നിങ്ങളുടെ പ്രാർത്ഥനാ സഹായം ഞാൻ അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപത ഒരേ കുടുംബം എന്ന നിലയിൽ പരസ്പരം സ്നേഹിച്ചും സേവിച്ചും ഒരുമിച്ചു സഞ്ചരിക്കുവാൻ നിങ്ങളോട് ഞാൻ സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം

Bishops House
03.11.2025

BISHOP GEORGE RAJENDRAN sdb
Diocese of Thuckalay

മാർ ജോർജ് രാജേന്ദ്രൻ
തക്കല രൂപതയുടെ മെത്രാൻ

NB: 09 നവംബർ 2025 ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളികളിലും കുർബാനയ്ക്കുശേഷം വായിക്കുവാൻ വേണ്ടി നൽകപ്പെടുന്നത്